ALL INDIA RADIO NEWS

ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 10.02.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1) സീഷെൽസിന് 175 ദശലക്ഷം ഡോളറിന്റെ പാക്കേജ് പ്രഖ്യാപിച്ച് ഇന്ത്യ ; പരസ്പര വിശ്വാസം, ബഹുമാനം, ജനാധിപത്യം, ബഹുസ്വരത എന്നീ മൂല്യങ്ങളാണ് ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിന് ആധാരമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**India announces 175-million-dollar Special Economic Package for Seychelles. President Murmu said, India's relationship with Seychelles is based on mutual trust and respect, and shared belief in democracy and pluralism.**

2) ഇന്ത്യൻ മഹാസമുദ്രമേഖലയിൽ സമാധാനവും സ്ഥിരതയും കൈവരിക്കുന്നതിനായി ഇന്ത്യയും മൗറീഷ്യസും സഹകരിച്ച് പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ; മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി ശ്രീ നരേന്ദ്രമോദി ടെലിഫോൺ സംഭാഷണം നടത്തി.

**The Prime Minister said that India and Mauritius will continue to work together to achieve shared objectives of peace and stability in the Indian Ocean Region. The Prime Minister had a telephonic conversation with his Mauritian counterpart, Dr Navinchandra Ramgoolam.**

3) 'സൈബർ തട്ടിപ്പുകളുടെ കൈകാര്യവും നിർമാർജ്ജനവും' എന്ന വിഷയത്തിലെ ദേശീയ സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്യും.

**Union Home Minister and Minister of Cooperation Shri Amit Shah to Deliver Keynote Address at National Conference on "Tackling Cyber-Enabled Frauds & Dismantling the Ecosystem".**

4) ദേശീയ താത്പര്യവും കർഷകരുടെ താത്പര്യങ്ങളും പൂർണ്ണമായും സംരക്ഷിക്കുന്ന മികച്ച കരാറാണ് ഇന്ത്യ-യുഎസ് വ്യാപാര കരാറെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

**Union Agriculture Minister Shivraj Singh Chauhan has said that the India-US trade deal is the best agreement in the national interest, in which the interests of farmers have been fully safeguarded.**

5) കേരളത്തിലെ ആദ്യത്തെ സമഗ്ര അന്താരാഷ്ട്ര വിദ്യാലയമായ കണ്ണൂർ മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.

**Chief Minister Pinarayi Vijayan will inaugurate the renovated Munderi Government Higher Secondary School in Kannur as Kerala's first international public school today.**

6) ട്വൻറി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യയുമായുള്ള മത്സരം ബഹിഷ്ക്കരിക്കാനുള്ള തീരുമാനത്തിൽ നിന്ന് പിൻമാറി പാകിസ്ഥാൻ.

**Pakistan has reversed its decision to boycott the T20 World Cup 2026 match against India.**

************************************

## SEYCHELLES PRESIDENT

പരസ്പര വിശ്വാസം, ബഹുമാനം, ജനാധിപത്യം ബഹുസ്വരത എന്നിവ അടിസ്ഥാനമാക്കിയാണ് ഇന്ത്യ-സീഷെൽസ് ബന്ധം നിലകൊള്ളുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. സീഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുടെ ബഹുമാനാർത്ഥം

രാഷ്ട്രപതിഭവനിൽ സംഘടിപ്പിച്ച വിരുന്നിൽ സംസാരിക്കവെയാണ് ശ്രീമതി ദ്രൗപദി മുർമു ഇക്കാര്യം വ്യക്തമാക്കിയത്. ഇന്ത്യൻ മഹാസമുദ്രത്തിലെ തിരമാലകളും സാംസ്കാരിക ബന്ധങ്ങളും രണ്ട് രാജ്യങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നു. സീഷെൽസ് സ്വാതന്ത്ര്യത്തിന്റെയും ഇന്ത്യ-സീഷെൽസ് നയതന്ത്ര ബന്ധത്തിന്റെയും 50-ാം വാർഷികം ആഘോഷിക്കുന്ന വർഷമാണിതെന്ന് ശ്രീമതി ദ്രൗപദി മുർമു പറഞ്ഞു. ഇന്ത്യ മുന്നോട്ട് വയ്ക്കുന്ന മഹാസാഗർ ദർശനത്തിന് കീഴിൽ സീഷെൽസിന്റെ വികസന, സുരക്ഷാ ആവശ്യങ്ങൾ നിറവേറ്റാൻ ഇന്ത്യ സദാ സന്നദ്ധമാണെന്നും രാഷ്ട്രപതി വ്യക്തമാക്കി.

************************************

## PM SEYCHELLES

ദ്വീപ് രാഷ്ട്രമായ സീഷെൽസിന് 175 ദശലക്ഷം ഡോളറിന്റെ പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ച് ഇന്ത്യ. ന്യൂഡൽഹിയിൽ സീഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് പ്രഖ്യാപനം നടത്തിയത് . ഭവന നിർമ്മാണം, ഇ-മൊബിലിറ്റി, തൊഴിലധിഷ്ഠിത പരിശീലനം, ആരോഗ്യം, പ്രതിരോധം, സമുദ്ര സുരക്ഷ എന്നിവയ്ക്ക് പാക്കേജ് പിന്തുണ പകരുമെന്ന് ശ്രീ മോദി വ്യക്തമാക്കി. ഇന്ത്യയുടെ മഹാസാഗർ ദർശനത്തിൽ സീഷെൽസിന് പ്രത്യേക സ്ഥാനമുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ആരോഗ്യം, ഐ.റ്റി തുടങ്ങി വിവിധ മേഖലകളിലായി ഏഴ് ധാരണാപത്രങ്ങളിലും ഇന്ത്യയും സീഷെൽസും ഒപ്പുവച്ചു.

************************************

## PM – MAURITIUS

മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ടെലിഫോൺ സംഭാഷണം നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള ജനകേന്ദ്രീകൃതമായ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത ആവർത്തിച്ചതായി ശ്രീ മോദി

സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. പരസ്പര സഹകരണത്തിലെ പുരോഗതിയും ഇരു നേതാക്കളും അവലോകനം ചെയ്തു. ഇന്ത്യൻ മഹാസമുദ്രമേഖലയിൽ സമാധാനവും സ്ഥിരതയും കൈവരിക്കുന്നതിനായി ഇന്ത്യയും മൗറീഷ്യസും സഹകരിച്ച് പ്രവർത്തിക്കുന്നത് തുടരുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

************************************

## CYBER NATIONAL CONFERENCE – AMIT SHAH ( INTRO)

'സൈബർ തട്ടിപ്പുകളുടെ കൈകാര്യവും നിർമാർജ്ജനവും' എന്ന വിഷയത്തിലെ ദേശീയ സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ മുഖ്യ പ്രഭാഷണം നടത്തും.**വിശദാംശങ്ങളിലേക്ക്.......**

(വോയിസ്)

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്ററുമായി സഹകരിച്ച് സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷനാണ് രണ്ട് ദിവസത്തെ ദേശീയ സമ്മേളനം സംഘടിപ്പിക്കുന്നത്. സിബിഐ ഓഫീസർമാരുടെ ഇൻവെസ്റ്റിച്ചർ ചടങ്ങിൽ അദ്ദേഹം അധ്യക്ഷത വഹിക്കും. സിബിഐയുടെ പുതിയ സൈബർ ക്രൈം ബ്രാഞ്ച് ഉദ്ഘാടനം ചെയ്യുന്ന അദ്ദേഹം ആഭ്യന്തര മന്ത്രാലയത്തിന്റെ എസ്4സി ഡാഷ്ബോർഡിനും തുടക്കം കുറിക്കും. രാജ്യത്തെ സൈബർ അധിഷ്ഠിത തട്ടിപ്പിന്റെ വ്യാപ്തി, പ്രവണതകൾ എന്നിവയെക്കുറിച്ചുള്ള പൊതു ധാരണ വളർത്തിയെടുക്കുകയാണ് സമ്മേളനത്തിന്റെ പ്രാഥമിക ലക്ഷ്യം. സൈബർതട്ടിപ്പിന്റെ സാമ്പത്തിക ഘടകം, ടെലികോം ഘടകം, മാനുഷിക ഘടകം എന്നിവ പരിശോധിക്കുക; നിയമപാലകർ, ബാങ്കുകൾ, ടെലികോം ദാതാക്കൾ, റെഗുലേറ്റർമാർ, സാങ്കേതിക പ്ലാറ്റ്ഫോമുകൾ എന്നിവയ്ക്കിടയിലും ഏജൻസികൾക്കിടയിലും സഹകരണവും പൊതുസ്വകാര്യ പങ്കാളിത്തവും ശക്തിപ്പെടുത്തുക; പരിമിതമായ മനുഷ്യ വിഭവശേഷി ഉപയോഗിച്ച് അന്വേഷണങ്ങൾ വിപുലമാക്കുകയും നിർമ്മിത ബുദ്ധിയുടെയും ഡാറ്റ അനലിറ്റിക്സിന്റെയും ഉപയോഗം പര്യവേക്ഷണം ചെയ്യുക;

തട്ടിപ്പുകളുടെ വേഗത്തിലുള്ള റിപ്പോർട്ടിംഗ്, സമയബന്ധിതമായ തെളിവ് സംരക്ഷണം, ഇരകൾക്ക് മികച്ച സംരക്ഷണം എന്നിവയ്ക്കുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയവയും ഇതിലൂടെ ലക്ഷ്യമിടുന്നു. **ന്യൂസ് ഡെസ്ക്, ആകാശവാണി.**

*****************************************

## SC-CYBER FRAUD

ഡിജിറ്റൽ തട്ടിപ്പ് കേസുകൾ കൈകാര്യം ചെയ്യുന്നതിന് കരട് മാർഗരേഖ തയ്യാറാക്കാൻ കേന്ദ്ര സർക്കാരിന് സുപ്രിംകോടതി നിർദേശം. 54,000 കോടിയിലധികം രൂപയുടെ ഡിജിറ്റിൽ തട്ടിപ്പ് യഥാർത്ഥത്തിൽ കൊള്ളയാണെന്ന് നിരീക്ഷിച്ച കോടതി ഇത്തരം സംഭവങ്ങളിൽ ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തു. സൈബർ തട്ടിപ്പ് തടയുന്നതിന് ബാങ്കുകൾ പ്രധാന പങ്ക് വഹിക്കണമെന്നും കോടതി അറിയിച്ചു.

*****************************************

## PARLIAMENT

2026-27 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് സംബന്ധിച്ച ചർച്ച, പാർലമെൻറിൻറെ ഇരുസഭകളിലും ഇന്നും തുടരും. വിവിധ വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷ ബഹളം രൂക്ഷമായതോടെ നടപടികൾ തടസപ്പെട്ട് ലോക്സഭ ഇന്നലെ പിരിയുകയായിരുന്നു. ഇന്നലെ രാജ്യസഭയിൽ കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ച നടന്നിരുന്നു.

*****************************************

## SHIVRAJ-MATHURA

ദേശീയ താത്പര്യം മുൻനിർത്തിയുള്ള ഏറ്റവും മികച്ച കരാറാണ് ഇന്ത്യ-യുഎസ് വ്യാപാര കരാറെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കർഷകരുടെ താത്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കപ്പെടുമെന്ന് അദ്ദേഹം ഉറപ്പുനൽകി. കർഷകരുടെയും

വനിതകളുടെയും യുവാക്കളുടെയും സ്വപ്നങ്ങൾക്ക് കരുത്ത് ചിറകുകൾ നൽകുകയും പുരോഗതിയുടെ പുതിയ ഉയരങ്ങൾ കീഴടക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുമെന്നും മധുരയിൽ മാധ്യമങ്ങളോട് സംസാരിക്കവെ അദ്ദേഹം പറഞ്ഞു.

*************************************

## BREAK

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....**

(ബ്രേക്ക്)

*************************************

## SIR-WEST BENGAL

പശ്ചിമ ബംഗാളിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം തടസ്സരഹിതമായി തുടരണമെന്നും രേഖകളുടെ സൂക്ഷ്മ പരിശോധനയ്ക്കുള്ള സമയപരിധി ഒരു ആഴ്ച കൂടി നീട്ടണമെന്നും സുപ്രീം കോടതി. SIR പ്രക്രിയയെ തടസ്സപ്പെടുത്താൻ അനുവദിക്കില്ലെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ മൂന്നംഗ ബെഞ്ച് വ്യക്തമാക്കി. മൈക്രോ ഒബ്സർവർമാരായി നിയമിക്കേണ്ട 8,505 ഗ്രൂപ്പ്-ബി ഓഫീസർമാരുടെ പേരുകൾ ഇന്ന് വൈകുന്നേരം 5 മണിക്കുള്ളിൽ സമർപ്പിക്കാനും കോടതി സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ചു.

*************************************

## NITI AYOG (INTRO)

വികസിത ഭാരതവും കാർബൺ ബഹിർഗമന നിയന്ത്രണവും ലക്ഷ്യമിട്ടുള്ള മൂന്ന് പഠന റിപ്പോർട്ടുകൾ നിതി ആയോഗ് ന്യൂഡൽഹിയിൽ പുറത്തിറക്കി. വികസിത ഭാരതം സാക്ഷാത്ക്കരിക്കുന്നതിൽ ഇവ നിർണ്ണായക പങ്ക് വഹിക്കുമെന്ന് മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ഡോ. വി. അനന്ത നാഗേശ്വരൻ പറഞ്ഞു.

(ബൈറ്റ്)

ഹരിത സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി വികസിത സമ്പദ്‌വ്യവസ്ഥയായി ഉയർന്നുവരാനുള്ള ഇന്ത്യയുടെ സാധ്യതകൾ നിതി ആയോഗ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബിവിആർ സുബ്രഹ്മണ്യം ചടങ്ങിൽ വിശദീകരിച്ചു.

************************************

## CM MUNDERI SCHOOL

കേരളത്തിലെ ആദ്യ സമഗ്ര അന്താരാഷ്ട്ര വിദ്യാലയമായ കണ്ണൂർ മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൻറെ ഉദ്ഘാടനം ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. എം.പി, എം.എൽ.എ. ഫണ്ടുകൾക്ക് പുറമെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ CSR ഫണ്ടുകൾ കൂടി ഉപയോഗപ്പെടുത്തി 60 കോടി രൂപ ചെലവഴിച്ചാണ് സ്കൂൾ നവീകരിച്ചത്. നൂതന മാതൃകയിലുള്ള ലാബുകളും അഡ്വാൻസ് സയൻസ് റോബോട്ടിക്സ് ലാബും മുദ്രാ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുണ്ട്. 100 കിലോ വാട്ട് ശേഷിയുള്ള സൗരോർജ് പ്ലാന്റ് സ്ഥാപിച്ചതിലൂടെ കേരളത്തിലെ വിദ്യാലയങ്ങളിലെ ഏറ്റവും വലിയ സൗരോർജ പ്ലാന്റ് ആയി മുണ്ടേരി സ്കൂളിലെ പ്ലാന്റ് മാറി.

************************************

## RAJEEV CHANDRASEKHAR – MSP

നെല്ലിനും ഗോതമ്പിനും നൽകുന്ന എം എസ് പി ബോണസ് നിർത്തലാക്കുന്നതിൽ നിന്ന് കേരളത്തെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമന് കത്ത് നല്കി. മിച്ച ഉത്പാദനം, അധിക സ്റ്റോക്കുകൾ, ഭൂഗർഭജല ശോഷണം എന്നിവ കേരളത്തിലെ കാർഷിക യാഥാർത്ഥ്യങ്ങൾക്ക് ബാധകമല്ല. സംസ്ഥാനത്തെ കാർഷിക, പാരിസ്ഥിതിക, ഭക്ഷ്യ സുരക്ഷാ പരിഗണനകൾ മുൻനിർത്തി കേരളത്തിൻറെ വിഷയം പ്രത്യേകം

പരിഗണിക്കണമെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ കേന്ദ്ര ധനമന്ത്രിയോട് അഭ്യർത്ഥിച്ചു.

****************************************

## ALAPPUZHA-AMBALAPUR RAILWAY LINE

ആലപ്പുഴ -അമ്പലപ്പുഴ റെയിൽപാത ഇരട്ടിപ്പിക്കാൻ റെയിൽവെ 324.16 കോടി രൂപ അനുവദിച്ചു. ആലപ്പുഴ വഴിയുള്ള പാതയിൽ ഇരട്ടിപ്പിക്കൽ ബാക്കിയായ 46 കിലോമീറ്ററിൽ 12.66 കിലോമീറ്ററിനുള്ള തുകയാണ് അനുവദിച്ചത്.

****************************************

## INDIA - PAKISTAN T-20

ട്വൻറി-20 ക്രിക്കറ്റ് ലോകകപ്പിലെ ഗ്ലാമർ പോരാട്ടമായ ഇന്ത്യ - പാകിസ്ഥാൻ മത്സരം സ്ഥിരീകരിച്ച് ഐ സി സി. ഇന്ത്യയുടമായുള്ള മത്സരം ബഹിഷ്ക്കരിക്കാനുള്ള തീരുമാനത്തിൽ നിന്ന് പിന്മാറാൻ പാകിസ്ഥാൻ തീരുമാനിച്ചു. ഇന്ത്യയ്ക്കെതിരായ മത്സരത്തിന് പാകിസ്ഥാൻ സർക്കാർ അനുമതി നൽകുകയായിരുന്നു.

****************************************

## T-20 - CRICKET

ICC ടി- 20 പുരുഷ ക്രിക്കറ്റിൽ നെതർലാൻഡ്സ് ഇന്ന് നമീബിയയെ നേരിടും. രാവിലെ 11 മണിക്ക് ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം. ചെന്നൈയിൽ വൈകിട്ട് മൂന്നിന് നടക്കുന്ന രണ്ടാം മത്സരത്തിൽ യു എ ഇ, ന്യൂസിലൻഡിനെ നേരിടും. രാത്രി 7 മണിക്ക് കൊളംബോയിൽ പാകിസ്ഥാനും യു എസും തമ്മിലാണ് മൂന്നാം മത്സരം.

********************************************************************************************

**************************************************